കേരള സർക്കാർ

നം.77210/ഡിബി1/09/തസ്വഭവ

തദ്ദേശസ്വയംഭരണ(ഡിബി)വകുപ്പ്
തിരുവനന്തപുരം, തീയതി:28/12/2009

# സർക്കുലർ

വിഷയം: തദ്ദേശസ്വയംഭരണ വകുപ്പ്- എം.എൻ ലക്ഷം വീട് പുനർനിർമ്മാണ പദ്ധതി- അർഹരായ കുടുംബങ്ങളെ ഉൾപ്പെടുത്തുന്നത്- സംബന്ധിച്ച്

സൂചന: 1. 15/5/09-ലെ സ.ഉ (സാ)നം.1147/09/തസ്വഭവ നമ്പർ ഉത്തരവ്

2. 9/12/09-ലെ ബഹു.വനം-ഭവന നിർമ്മാണവകുപ്പ് മന്ത്രിയുടെ കത്ത്

സൂചന ഉത്തരവ് പ്രകാരം എം.എൻ ലക്ഷം വീട് നവീകരണ പദ്ധതിയിലെ യഥാർത്ഥ ഗുണഭോക്താവ്/അനന്തരാവകാശി, ഉടമസ്ഥവകാശം കൈമാറ്റം ചെയ്ത വീടുകളുടെ കാര്യത്തിൽ ഇപ്പോൾ താമസിക്കുന്ന കുടുംബം ധനസഹായത്തിന് അർഹമാണോ എന്ന് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ കണ്ടെത്തിയതിന്ശേഷം കൈവശാവകാശരേഖ ലഭിക്കുവാൻ റവന്യൂ വകുപ്പിനെ സമീപിക്കേണ്ടതാണെന്ന് ഉത്തരവാകുകയുണ്ടായി. എന്നാൽ അർഹരായ പലർക്കും ഇപ്രകാരം കൈവശാവകാശരേഖ ലഭിക്കാത്ത സാഹചര്യം ഇപ്പോഴും നിലനിൽക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ എം.എൻ. ലക്ഷം വീട് പുനർനിർമ്മാണ പദ്ധതിയിലെ കൈമാറ്റം ചെയ്യപ്പെട്ട വീടുകളിൽ ധനസഹായത്തിന് അർഹതയുള്ള കൈവശാവകാശരേഖ ലഭിക്കാത്ത ഗുണഭോക്താക്കളെ കണ്ടെത്തി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കൈവശാവകാശ രേഖ ലഭ്യമാക്കുന്നതിന് അടിയന്തിരമായി റവന്യൂ വകുപ്പിനെ സമീപിക്കേണ്ടതാണ്.

അന്നമ്മ ഡാനിയേൽ
അഡീഷണൽ സെക്രട്ടറി

ഉത്തരവിൻ പ്രകാരം

(signature)

സെക്ഷൻ ഓഫീസർ

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും(പഞ്ചായത്ത് ഡയറക്ടർ മുഖേന)

എല്ലാ നഗരകാര്യ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)

എല്ലാബ്ലോക്ക്പഞ്ചായത്ത് സെക്രട്ടറിമാർക്കും(ഗ്രാമവികസന കമ്മീഷണർ മുഖേന)

സെക്രട്ടറി, മുനിസിപ്പൽ കോർപ്പറേഷൻ, തിരുവനന്തപുരം/കൊല്ലം/കൊച്ചി/തൃശ്ശൂർ/ കോഴിക്കോട്

ഭവന നിർമ്മാണ വകുപ്പ്, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

എല്ലാപഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാക്കും

എല്ലാ നഗരകാര്യ മേഖലാജോയിന്റ് ഡയറക്ടർമാർക്കും

സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി